"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.ജി. രാഗേഷ് ഫയൽ ചെയ്ത ഒ.എ. 1863/2021 നമ്പർ കേസിന്റെ 12.11.2021 ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.144/2022/F&WLD തീയതി,തിരുവനന്തപുരം, 02-04-2022.

---

പരാമർശം:-
1. ശ്രീ.രാഗേഷ്.കെ.ജി സമർപ്പിച്ച 01.10.2021 ലെ അപേക്ഷ.
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 1863/2021 നമ്പർ കേസിൻമേലുള്ള 12.11.2021 ലെ ഉത്തരവ്.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 20.12.2021 ലെ ഡി1-205664/21 നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റേഞ്ചിലെ റേഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. കെ.ജി. രാഗേഷിനെ കാസർഗോഡ് സോഷ്യൽ ഫോറസ്ട്രിയിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചതിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1863/2021 നമ്പർ കേസിൻമേൽ, ശ്രീ. കെ.ജി. രാഗേഷിന് സർവീസിൽ നിന്ന് വിരമിക്കുന്നതിന് 8 മാസമേ ശേഷിക്കുന്നുള്ളൂ എന്ന വസ്തുതയും ടിയാന്റെ ആരോഗ്യസ്ഥിതിയും പരിഗണിച്ച്, ടിയാൻ സർക്കാരിൽ സമർപ്പിച്ച Annexure A9 അപേക്ഷ, കേസിന്റെ അന്തിമ ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം, കേസിലെ ഒന്നാം എതിർകക്ഷിയായ സർക്കാർ തീർപ്പുകല്പിക്കുന്നതിന് 12.11.2021 ൽ ഉത്തരവായിരുന്നു.

2. സർവീസിൽ നിന്നും വിരമിക്കുന്നതിന് 8 മാസം മാത്രമേ ശേഷിക്കുന്നുള്ളുവെന്നും, കൂടാതെ കിഡ്നി സംബന്ധമായ അസുഖത്തെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തുടർ ചികിത്സയിലാണെന്നും, ആയതിനാൽ തിരുവനന്തപുരം ജില്ലയിൽ നിന്നും കാസർഗോഡ് ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയത് റദ്ദാക്കണമെന്നും ആവശ്യപ്പെട്ടാണ് ടിയാൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചത്.

3. വനം വകുപ്പിൽ സി ക്ലാസ്സ് കോൺട്രാക്ടറായ ശ്രീ. ബിജു എന്നയാളിൽ നിന്നും ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റേഞ്ചിലെ കരാർ ജോലിയുടെ ബിൽ മാറ്റുന്നതിലേയ്ക്കായി കൈക്കൂലി വാങ്ങിയത് സംബന്ധിച്ച വിജിലൻസ് കേസിലെ രണ്ടാം പ്രതിയായി ഉൾപ്പെട്ടയാളാണ് അപേക്ഷകനെന്നും സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവിലെ, പൊതു താൽപ്പര്യത്തിന് വിധേയമായ സ്ഥലംമാറ്റം എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ, ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റേഞ്ചിന്റെ കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും അനിവാര്യമായതിനാലാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ

രജിസ്റ്റർ ചെയ്ത കൈക്കൂലി കേസിലെ പ്രതിയെ സ്ഥലം മാറ്റിയതെന്നും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൈക്കൂലി വാങ്ങിയ കേസിൽ രണ്ടാം പ്രതിയായി ഉൾപ്പെട്ട ശ്രീ. കെ.ജി. രാഗേഷിനെ തിരുവനന്തപുരം ജില്ലയിൽ നിന്നും മാറ്റി നിയമിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുള്ളതാണ്. തിരുവനന്തപുരം ജില്ലയിൽ നിന്നും കാസർഗോഡ് ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയത് റദ്ദാക്കണമെന്ന അപേക്ഷയിൽ, VC 1/2021/SRT നമ്പർ കേസിലെ കൃത്യത്തിൽ ഉൾപ്പെട്ട മൊബൈൽ ഫോൺ ശാസ്ത്രീയ പരിശോധനക്ക് വിധേയമാക്കിയതിന്റെ പരിശോധനാഫലം ലഭ്യമായിട്ടില്ലായെന്നും, ടിയാനെ കുറ്റകൃത്യം നടന്ന തിരുവനന്തപുരം ജില്ല ഒഴികെ മറ്റ് ഏതെങ്കിലും ജില്ലയിലേക്ക് സ്ഥലം മാറ്റാവുന്നതാണെന്നും വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. മേൽ സാഹചര്യത്തിൽ, വിജിലൻസ് കേസിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട്, റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. കെ.ജി. രാഗേഷ് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ നിരസിച്ചു കൊണ്ടും, ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റേഞ്ചിൽ നിന്നും ടിയാനെ തിരുവനന്തപുരം ജില്ല ഒഴിച്ചുള്ള ജില്ലയിൽ നിയമനം നൽകുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദേശം നൽകിക്കൊണ്ടും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് ഉത്തരവാകുന്നു.

6. ശ്രീ. കെ.ജി. രാഗേഷിനെ തിരുവനന്തപുരം ജില്ല ഒഴിച്ചുള്ള ജില്ലയിൽ നിയമനം നൽകുന്നതിനുള്ള അടിയന്തര നടപടി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. രാഗേഷ്.കെ.ജി, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി, ആറ്റിങ്ങൽ, തിരുവനന്തപുരം- 695 102.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Noushad S
Date: 02-04-2022 15:32:21
സെക്ഷൻ ഓഫീസർ.